**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 63** **10-06-2024 - ൽ മറുപടിയ്ക്ക്**

**പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സിന് നൽകിയിട്ടുള്ള കരാറുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2016 മുതൽ ഐ.ടി. വകുപ്പ് ഏതൊക്കെ കരാറുകളാണ് പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സിന് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഓരോ കരാറിന്റെയും വിശദാംശവും അവയുടെ തുകയും ലഭ്യമാക്കാമോ? | (എ) | 2016 മുതൽ ഇലക്ട്രോണിക്സ് & വിവര സാങ്കേതിക വകുപ്പിനു കീഴിലെ സ്ഥാപനങ്ങൾ പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സുമായി ഏർപ്പെട്ടിട്ടുള്ള കരാർ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.<br><br>1. ഐ.ടി. പാർക്കുകളുടെ ഉടമസ്ഥതയിലുള്ള ഭൂമി, കെട്ടിടം എന്നിവയുടെയും, അതിനോടനുബന്ധിച്ചുള്ള കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.ടി.ഐ.എൽ ) - ന്റെ ഭൂമിയുടെയും മൂല്യ വിശകലന സേവനങ്ങൾ നൽകുന്നതിനായി 2019 - ൽ 22.8 ലക്ഷം രൂപക്ക് പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സിന് കരാർ നൽകിയിട്ടുണ്ട്.<br><br>2. കെ-ഫോൺ പദ്ധതിയുടെ പ്രോജക്ട് മാനേജ് മെന്റ് കൺസൾട്ടൻസി സർവ്വീസ് നൽകുന്നതിലേയ്ക്കായി പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സുമായി കെ.എസ്.ഐ.ടി.ഐ.എൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പ്രസ്തുത കരാറിനത്തിൽ നാളിതുവരെ 3,41,07,225/- രൂപയാണ് പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സിന് നൽകിയിട്ടുള്ളത് .<br><br>3. കെ സ്പേസ് പദ്ധതിയ്ക്ക് പ്രോജക്ട് മാനേജ്മെന്റ് അഡ്വൈസറി സപ്പോർട്ട് നൽകുന്നതിലേയ്ക്കായി കെ.എസ്.ഐ.ടി.ഐ.എൽ പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സുമായി 2019 ൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ആ കരാറിനത്തിൽ നാളിതുവരെ 23,22,143/-രൂപ പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സിന് നൽകിയിട്ടുണ്ട്.<br><br>4. കേരള സംസ്ഥാന ഐ.ടി മിഷൻ 29-06-2016 -ൽ പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സ് പ്രൈവറ്റ് ലിമിറ്റഡിന് ഭാരത് നെറ്റ് പദ്ധതിയുടെ കൺസൾട്ടന്റായി ഇ-ടെൻഡർ വഴി തിരഞ്ഞെടുത്ത് വർക്ക് ഓർഡർ നൽകി. കരാർ തുക (സേവന നികുതി ഉൾപ്പെടെ) 46,65,667/- രൂപയാണ് . |

സെക്ഷൻ ഓഫീസർ